**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** **13-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്തം ഉറപ്പുവരുത്തിക്കൊണ്ട് സ്വയംഭരണാവകാശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ്, ഉത്പാദനം, വിപണനം, അക്കൗണ്ട്സ് & ആഡിറ്റ് എന്നീ മേഖലകൾ ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണം, സ്വയം പര്യാപ്തമാക്കൽ എന്നീ ലക്ഷ്യത്തോടു കൂടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ അന്താരാഷ്ട്രതല വിപണന സാധ്യതകൾ ഉള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള വൈവിധ്യവത്കരണ പദ്ധതികളാണ് മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ ഓരോ പൊതുമേഖലാ സ്ഥാപനവും ലക്ഷ്യമിടുന്നത്.<br><br>ആഗോള തലത്തിൽ ശാസ്ത്ര സാങ്കേതിക വിദ്യകളിൽ വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളെ ഉൾക്കൊണ്ടു മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥയിൽ കാലുറപ്പിച്ച് നിലകൊള്ളാൻ കഴിയുന്ന തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമതയോടു കൂടി മുന്നോട്ടു കൊണ്ടുപോകുന്നതിനായി മാനേജ്മെൻറ് തലത്തിൽ ഉത്തരവാദിത്വവും കർത്തവ്യ ബോധവും കടമ നിർവഹണവും ഉറപ്പുവരുത്തികൊണ്ടു കൂടുതൽ അധികാരങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത |

| | | | |
|---|---|---|---|
| | | | ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയോടൊപ്പം ആധുനികവത്കരണത്തിനുള്ള നിർദ്ദേശങ്ങളും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗികമായ ഉപദേശങ്ങളും നൽകുന്നതിനു വേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെഎസ്.ഐ.ഡി.സി ചെയർമാനുമായ ശ്രീ.പോൾ ആന്റണി ഐഎഎസ് ചെയർമാനായും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ കെ ഹരികുമാർ, ബി.പി.സി.എൽ കൊച്ചിൻ റിഫൈനറി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ പ്രസാദ് കെ പണിക്കർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ കമ്മിറ്റി സർക്കാർ രൂപീകരിച്ചിരുന്നു. സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനമികവും, നിലവിലുള്ള അവസ്ഥയും അവയുടെ വികസനത്തിനുള്ള ഭാവിസാധ്യതകളും മുൻനിർത്തി മാനേജ്മെന്റ് തലത്തിൽ ഉത്തരവാദിത്വം ഉറപ്പുവരുത്തികൊണ്ട് പ്രവർത്തനങ്ങളിൽ സ്വയംഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡ് ഓഫ് ഡയറക്ടർമാർക്കും മാനേജ്മെന്റിനും സാമ്പത്തികവും പ്രവർത്തനപരവുമായ അധികാരങ്ങൾ കൈമാറാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ്, ഉത്പാദനം, വിപണനം, അക്കൗണ്ട്സ് & ആഡിറ്റ് എന്നീ മേഖലകൾ ശാക്തീകരിച്ച് ഓരോ സ്ഥാപനത്തിന്റെയും നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണം, സ്വയം പര്യാപ്തമാക്കൽ എന്നീ ലക്ഷ്യത്തോടു കൂടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കമ്പോളവും വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ അന്താരാഷ്ട്രതല വിപണന സാധ്യതകൾ ഉള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള വൈവിധ്യവത്കരണ പദ്ധതികളാണ് മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ ഓരോ പൊതുമേഖലാ സ്ഥാപനവും ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| | | | ആഗോള തലത്തിൽ ശാസ്ത്ര സാങ്കേതിക വിദ്യകളിൽ വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങളെ ഉൾക്കൊണ്ടു മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥയിൽ കാലുറപ്പിച്ച് നിലകൊള്ളാൻ കഴിയുന്ന തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമതയോടു കൂടി മുന്നോട്ടു കൊണ്ടുപോകുന്നതിനായി മാനേജ്മെൻറ് തലത്തിൽ ഉത്തരവാദിത്വവും കർത്തവ്യ ബോധവും കടമ നിർവഹണവും ഉറപ്പുവരുത്തികൊണ്ടു കൂടുതൽ അധികാരങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയോടൊപ്പം ആധുനികവത്കരണത്തിനുള്ള നിർദ്ദേശങ്ങളും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗികമായ ഉപദേശങ്ങളും നൽകുന്നതിനു വേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെഎസ്.ഐ.ഡി.സി ചെയർമാനുമായ ശ്രീ.പോൾ ആന്റണി ഐഎഎസ് ചെയർമാനായും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ കെ ഹരികുമാർ, ബി.പി.സി.എൽ കൊച്ചിൻ റിഫൈനറി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ പ്രസാദ് കെ പണിക്കർ എന്നിവർ അംഗങ്ങളായും ഒരു വിദഗ്ധ കമ്മിറ്റി സർക്കാർ രൂപീകരിച്ചിരുന്നു. സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനമികവും, നിലവിലുള്ള അവസ്ഥയും അവയുടെ വികസനത്തിനുള്ള ഭാവിസാധ്യതകളും മുൻനിർത്തി മാനേജ്മെന്റ് തലത്തിൽ ഉത്തരവാദിത്വം ഉറപ്പുവരുത്തികൊണ്ട് പ്രവർത്തനങ്ങളിൽ സ്വയംഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| (സി) | ഡയറക്ടർ ബോർഡിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെയും സ്വതന്ത്ര ഡയറക്ടർമാരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി മാനേജ്മെൻറ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മാനേജ്മെന്റ് / ധനകാര്യം / വിവിധ സാങ്കേതിക ഉൽപ്പാദന മേഖലകൾ എന്നിവയിൽ പ്രാവീണ്യം നേടിയവരുടെ ഒരു പാനൽ തയ്യാറാക്കി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇൻഡിപെൻഡന്റ് ഡയറക്ടർമാരെയും വിഷയ വിദഗ്ധരേയും നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>ഇതിനോടകം 16 പൊതുമേഖലാ സ്ഥാപനങ്ങളിൽ സാങ്കേതിക/ മാനേജ്മെൻറ്/ ധനകാര്യ |

| | | | |
|---|---|---|---|
| | | | വിഷയങ്ങളിൽ വിദഗ്ദ്ധരായവരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ